# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6944 13.7.2012-ൽ മറുപടിയ്ക്ക്**

**താനൂർ മണ്ഡലത്തിലെ ജലനിധി പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | പി.ജെ ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ജലനിധി പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; | (എ) & (ബി) | ജലനിധി ഒന്നാംഘട്ട പദ്ധതി 112 പഞ്ചായത്തുകളിൽ ഫലപ്രദമായി പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിലേക്ക് 8 ജില്ലകളിലെ 200 ഗ്രാമ പഞ്ചായത്തുകളിലായി ഉദ്ദേശം 11.50 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും, ഉദ്ദേശം 7 ലക്ഷത്തോളം ജനങ്ങൾക്ക് ശുചിത്വ സംവിധാനങ്ങളും ലഭ്യമാക്കത്തക്ക വിധം 5 വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന 1022 കോടി രൂപ അടങ്കലുമുള്ള ലോകബാങ്ക് സഹായ പദ്ധതിയാണ്. ജലനിധി രണ്ടാം ഘട്ടപദ്ധതിയിലെ ഒന്നാം ബാച്ച് പഞ്ചായത്തുകളിൽ എറണാകുളം, ആലപ്പുഴ ജില്ലയൊഴികെയുള്ള മറ്റ് ജില്ലകളിൽ നിന്നായി ഇതിനകം 22 പഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ രണ്ടാം ബാച്ചിൽ 68 പഞ്ചായത്തുകളെക്കൂടി തിരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് പ്രാമുഖ്യം നൽകുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | താനൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രദേശങ്ങളാണ് പദ്ധതി നടപ്പാക്കുവാൻ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ? | (സി) | താനൂർ നിയോജകമണ്ഡലത്തിലെ ഓഴൂർ ഗ്രാമപഞ്ചായത്ത് ജലനിധി രണ്ടാംഘട്ട പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ